# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2237 — 14-06-2019 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്**<br>**ശ്രീ. എ.എൻ. ഷംസീർ**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ. കെ.ഡി. പ്രസേനൻ** | **ഡോ.ടി.എം.തോമസ് ഐസക്**<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

## ധന ദൃഢീകരണം

| | | |
|---|---|---|
| (എ) | മുൻ സർക്കാർ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന് പ്രഖ്യാപിക്കുകയും അതിനു വിപരീതമായി സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ വളർച്ചാതോത് വളരെ താണ നിലയിലെത്തിക്കുകയും ചെയ്ത സ്ഥിതിയിൽ നിന്ന് കടുത്ത പ്രതിബന്ധങ്ങൾ അതിജീവിച്ചുകൊണ്ട് സാമ്പത്തിക ദൃഢീകരണം സാധ്യമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | 2013-2014 മുതൽ സംസ്ഥാനത്തിന്റെ നികുതി വരുമാന വളർച്ച ക്രമാതീതമായി താഴ്ന്നു. ഇത് കമ്മി വർദ്ധിക്കുന്നതിനും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിനും ഇടവരുത്തി. കൂടാതെ മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ പലയിനങ്ങളിലായി കൈമാറിയ ബാദ്ധ്യതകളും സംസ്ഥാനത്തിന്റെ ധന പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. ചരക്ക് സേവന നികുതി സംവിധാനം നടപ്പിലാക്കിയതോടുകൂടി നികുതി സമാഹരണത്തിൻമേൽ ഇടപെടാനുള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. കേന്ദ്ര നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാകാത്തതും സാമ്പത്തികഞെരുക്കം വർദ്ധിപ്പിച്ചു. ഈ സാഹചര്യത്തിലും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾക്ക് വീഴ്ചയുണ്ടാകാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്. 2006-07-ൽ തുടങ്ങിയ ധനദൃഢീകരണ പാതയിലേക്ക് സംസ്ഥാനത്തെ തിരിച്ചു കൊണ്ടു വരുന്നതിന് വിവിധ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.<br>ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തിയതോടുകൂടി അന്തർ സംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച |
| (ബി) | സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം നിർത്തലാക്കിയതും മുഖ്യ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതത്തിൽ കുറവു വരുത്തിയതും ധനദൃഢീകരണ പ്രക്രിയയെ എങ്ങനെ ബാധിച്ചുവെന്ന് അറിയിക്കാമോ ; | |
| (സി) | സാമൂഹ്യ സേവന മേഖലയിലും സാമ്പത്തിക സേവന മേഖലയിലും ചെലവിൽ കുറവ് വരുത്താതെ റവന്യൂ കമ്മി കുറയ്ക്കാനായി ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | |

| | | |
|---|---|---|
| | | തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി വാഹന നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് പ്രത്യേകം ശ്രദ്ധേയമാണ്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**